"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ജഗതി, തിരുവനന്തപുരം-695014
Email Id: dirdhse.dge@kerala.gov.in
ഫോൺ : 0471-2580759

നം. HSE/11214/2025-Ad C6 തീയതി : 09-06-2025

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർസെക്കൻഡറി വിഭാഗം- 2023-24 തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം എക്സസ് അധ്യാപകരുടെ പുനർനിയമനം- ശമ്പളം മാറി നൽകുന്നത്-സംബന്ധിച്ച്.

സൂചന : (1) 18/04/2025 തീയതിയിലെ കൈറ്റ്/2025/1748 (10) നമ്പർ കത്ത്.
(2) 28/03/2025, 30/04/2025 എന്നീ തീയതികളിലെ HSE/14242/2024-AD.C6 നമ്പർ സർക്കുലറുകൾ.

2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എക്സസ് ആയ അധ്യാപകരെ പുനർ നിയമിച്ചുകൊണ്ടുള്ള 11/03/2025 തീയതിയിലെ പൊതുവിദ്യാഭ്യസ ഡയറക്ടറുടെ ഉത്തരവിനെതുടർന്ന് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇക്കണോമിക്സ്, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ്, എച്ച്.എസ്.എസ്.റ്റി പൊളിറ്റിക്കൽ സയൻസ്, എച്ച്.എസ്.എസ്.റ്റി മലയാളം, എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി സ്റ്റാറ്റിറ്റിക്സ്, എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ്, എച്ച്.എസ്.എസ്.റ്റി കൊമേഴ്സ്, എച്ച്.എസ്.എസ്.റ്റി ഹിസ്റ്ററി, എച്ച്.എസ്.എസ്.റ്റി ഹിന്ദി വിഷയങ്ങളിലെ ചില അധ്യാപകർ എറണാകുളം, തിരുവനന്തപുരം എന്നീ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്ത കേസുകളിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച വിഷയങ്ങളിലെ അധ്യാപകർക്ക് പുനർ നിയമനം നൽകിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിവിധ നടപടിക്രമങ്ങൾ സ്റ്റേ ആയതിനെ തുടർന്ന് ടി. അധ്യാപകർക്ക് 2025 ഏപ്രിൽ, മെയ് മാസങ്ങളിലെ സാലറി മാറുന്നത് സംബന്ധിച്ച് സൂചന (2)

സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

തസ്തിക നഷ്ടപ്പെട്ട് നിലവിലെ സ്കൂളിൽ നിന്ന് റിലീവ് ചെയ്യുകയും പുതിയ സ്കൂളിൽ ജോയിൻ ചെയ്യാൻ സാധിക്കാത്തതുമായ അധ്യാപകരെ **2025-26** ലെ ജനറൽ ട്രാൻസ്ഫറിൽ ഉൾപ്പെടുത്തുന്നതിന് മാത്രമായി പുതിയ സ്കൂളിലെ പ്രിൻസിപ്പാൾമാർ (അധ്യാപകർ ജോയിൻ ചെയ്തിട്ടില്ലെങ്കിലും) ആ സ്കൂളിൽ അവരെ ട്രാൻസ്ഫർ സൈറ്റിൽ ഉൾപ്പെടുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാൻ അവസരം നൽകുന്നതിലേക്ക് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മേൽ നിർദ്ദേശ പ്രകാരം എക്സസ് ട്രാൻസ്ഫർ ലഭ്യമായ സ്കൂളിൽ നിന്ന് **2025-26** പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും വീണ്ടും മറ്റൊരു സ്കൂളിൽ ട്രാൻസ്ഫർ ലഭ്യമാകുകയും ചെയ്ത അധ്യാപകരുടെ വിവരങ്ങൾ താഴെപ്പറയുന്ന ഗൂഗിൾ ഫോമിൽ **11/06/2025** തീയതി **4 PM** ന് മുമ്പാകെ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

**https://forms.gle/b9JMeHDkEFcFRsMp8**

Signed by
Santhosh Kumar .r
Date: 09-06-2025 16:01:26

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**